കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം–695 033
Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

പ്രസ്സ് റിലീസ് 25.07.2017

ലേബർ പബ്ലിസിറ്റി ഓഫീസ്
ഫോൺ നമ്പർ : 0471 2783908

---

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അറ്റൻഡർമാർക്ക് മുൻകാല പ്രാബല്യത്തോടെ യൂണിഫോം അലവൻസ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ആശുപത്രി അറ്റൻഡർമാർക്ക് യൂണിഫോം അലവൻസ് അനുവദിച്ച് ഉത്തരവായി. 2017 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ പ്രതിവർഷം 2000 രൂപയാണ് യൂണിഫോം അലവൻസായി അനുവദിച്ചിരിക്കുന്നത്.

01.07.2014 പ്രാബല്യത്തോടെ ജീവനക്കാർക്കും അധ്യാപകർക്കും വേതന–ബത്ത പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 2016 ജനുവരി 20 –ന് മുൻ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവ് (പി) നം.7/2016 ,ധന.തീയതി അനുസരിച്ച് ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കേണ്ട വിവിധ തസ്തികകളിലെ ജീവനക്കാർക്ക് വ്യത്യസ്ത നിരക്കുകളിൽ യൂണിഫോം അലവൻസ് അനുവദിച്ചിരുന്നു. ഇതു പ്രകാരം ഇറക്കിയ ഉത്തരവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ആശുപത്രി അറ്റൻഡർമാരിൽ ലബോറട്ടറികൾ, എക്സ് റേ യൂണിറ്റുകൾ, മുളങ്കുന്നത്തുകാവിലെ നെഞ്ചുരോഗ ചികിത്സാ സാനിറ്റോറിയം, വി.ഡി സെക്ഷനുകൾ എന്നിവിടങ്ങളിൽ ജോലി നോക്കിയിരുന്നവർക്ക് മാത്രമായി പ്രതിവർഷം 2000 രൂപ യൂണിഫോം അലവൻസ് നിജപ്പെടുത്തുകയായിരുന്നു.

പത്താം ശമ്പള പരിഷ്ക്കരണത്തിന് മുൻപ് തന്റെ വകുപ്പിന് കീഴിലുള്ള മുഴുവൻ ആശുപത്രി അറ്റൻഡർമാർക്കും ഡ്യൂട്ടി സമയത്ത് യൂണിഫോം നിർബന്ധമായിരുന്നതായും 2011 ഫെബ്രുവരി 26–ലെ (പി)നം.85/2011 ,ധന.സർക്കാർ ഉത്തരവിലെ പ്രത്യേക വ്യവസ്ഥയിലെ പാരഗ്രാഫ് 22 പ്രകാരം യൂണിഫോം അലവൻസ് അനുവദിച്ചിരുന്നതായി ഇൻഷ്വറൻസ് വകുപ്പു ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

കൃത്യനിർവഹണ സമയത്ത് മുഴുവൻ ആശുപത്രി അറ്റൻഡർമാരും യൂണിഫോം ധരിക്കുന്നത് നിർബന്ധമാണ്. എന്നാൽ 2016 ജനുവരി 20–ലെ സർക്കാർ ഉത്തരവിലെ നിബന്ധന മൂലം ഇത് നടപ്പാക്കാനോ അലവൻസ് നൽകാനോ സാധിക്കുന്നില്ലെന്ന് ഇൻഷ്വറൻസ് വകുപ്പു ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് നൽകി.

ഇതു പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രി അറ്റൻഡർമാർക്കും 2017 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ പ്രതിവർഷം 2000 രൂപ യൂണിഫോം അലവൻസ് അനുവദിച്ച് 2017 ജൂൺ 28–ന് സർക്കാർ ധന വകുപ്പിന്റെ (ജി.ഓ(എം.എസ്)നം.313/2017/(66) ധനവകുപ്പ്)അനോമലി റക്റ്റിഫിക്കേഷൻ സെൽ വഴി ഉത്തരവിറക്കിയിരിക്കുന്നത്.

ലേബർ പബ്ലിസിറ്റി ഓഫീസർ
9846063499